സ്പോർട്സ് 2/43159/2010. വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 8-9-2010..

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.

സർ,

വിഷയം;- സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി - കായിക ക്ഷമതാ പരിശോധന പൂർത്തിയാക്കി പരിശോധനാഫ ലങ്ങൾ അപ്‌ലോഡ് ചെയ്യുന്നതു സംബന്ധിച്ച് -

സൂചന;- 1) സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുടെ പ്രോജക്റ്റ് ഡയറക്ടറുടെ 31/8/2010 ലെ കത്ത്.
2) ഈ ഓഫീസിലെ കത്ത് നമ്പർ സ്പോർട്സ് 43159/10 തീയതി 21/6/2010ഭ

മേൽ സൂചന (2)പ്രകാരം സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുടെ പരിശോധന പൂർത്തിയാക്കി പരിശോധനാ ഫലങ്ങൾ www.tpfp.org എന്ന വെബ്സൈറ്റിൽ 2010 ആഗസ്റ്റ് 30-ാം തീയതിക്കു മുൻപായി അപ്‌ലോഡ് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പല ജില്ലകളിലും കാലവർഷവും, റംസാൻ നോമ്പാചരണവും നിമിത്തം പരിശോധന പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് പ്രോജക്റ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ആയതിനാൽ പരിശോധനാ ഫലങ്ങൾ അപ്‌ലോഡ് ചെയ്യേണ്ട തീയതി 15/10/2010 വരെ ദീർഘിപ്പിച്ചതായി അറിയിക്കുന്നു. കായികക്ഷമതാ പരിശോധനയുടെ രണ്ടാം ഘട്ടം 2010 ഒക്ടോബർ രണ്ടാം വാരം നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

OFFICE OF THE DIRECTOR OF PUBLIC INSTRUCTION • TVPM 695 014